بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# ജുമുഅഃ ഖുത്ബ സംഗ്രഹം 26.05.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## ഖിലാഫത്തിനും ജമാഅത്തിനും ഇടയിൽ അല്ലാഹു സ്ഥാപിച്ച അതുല്യമായ ബന്ധം

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ
نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഹദ്റത് മസീഹ് മൗഊദ്(അ)നെ, ഇഹലോകത്ത് നിന്ന് വിടപറയാനുള്ള സമയം ആസന്നമായെന്ന് അല്ലാഹു തആല അറിയിച്ചപ്പോൾ ആ മഹാത്മാവ് ജമാഅത്തിനെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹു തആല രണ്ട് വിധത്തിലുള്ള ദിവ്യശക്തി പ്രഭാവം കാണിക്കുന്നു. ഒന്നാമതായി പ്രവാചകന്മാരുടെ കൈകളിലൂടെ അവൻ തന്റെ ശക്തിപ്രഭാവം പ്രകടമാക്കുന്നു. രണ്ടാമതായി പ്രവാചകന്റെ വഫാത്തിനുശേഷം പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടി വരികയും ശത്രുക്കൾ ശക്തിയാർജിക്കുകയും പ്രവർത്തനങ്ങൾ താറുമാറായി എന്ന് കരുതുകയും ഈ ജമാഅത്തു തന്നെ നശിച്ചുപോകുമെന്ന് ഉറപ്പിക്കുകയും ജമാഅത്തിലെ ആളുകൾ സ്വയം അങ്കലാപ്പിലാകുകയും അവരുടെ അവരുടെ ധൈര്യം ക്ഷയിക്കുകയും അനേകം നിർഭാഗ്യവാന്മാർ വിശ്വാസത്യാഗത്തിന്റെ പാത സ്വീകരിക്കുകയും ചെയ്യുന്നു. തുടർന്ന് സർവ്വശക്തനായ ദൈവം തന്റെ അതിശക്തമായ ദിവ്യശക്തി വീണ്ടും പ്രകടമാക്കിക്കൊണ്ട് വീണുകിടക്കുന്ന ജമാഅത്തിനെ താങ്ങിനിർത്തുകയും ചെയ്യുന്നു. അതിനാൽ അവസാനംവരെ ക്ഷമയോടെ കാത്തിരിക്കുന്നവൻ സർവ്വശക്തനായ ദൈവത്തിന്റെ ഈ അത്ഭുതം കാണുന്നതാണ്; ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ കാലത്ത് സംഭവിച്ചതുപോലെ. തിരുനബി(സ)യുടെ മരണം അകാല മരണമായി കണക്കാക്കിയിരുന്നു. ദുഃഖഭാരത്താൽ സഹാബികൾ ഉന്മാദരാകുകയും നിരവധി ബദവികൾ മുർത്തദ്ദാവുകയും ചെയ്തു. അപ്പോൾ അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)നെ എഴുന്നേൽപ്പിക്കുകയും തന്റെ ദിവ്യശക്തിയുടെ മാതൃക വീണ്ടും കാണിക്കുകയും ഇസ്ലാമിനെ നാശത്തിൽ നിന്ന് സംരക്ഷിക്കുകയും

وَلَیُمَکِّنَنَّ لَہُمۡ دِیۡنَہُمُ الَّذِی ارۡتَضٰی لَہُمۡ
وَلَیُبَدِّلَنَّہُمۡ مِّنۡۢ بَعۡدِ خَوۡفِہِمۡ اَمۡنًا

അതായത് ഭയത്തിന് ശേഷം അവരുടെ പാദങ്ങളെ നാം ഉറപ്പിക്കുന്നതാണ് എന്ന് താൻ നൽകിയ വാഗ്ദാനം നിറവേറ്റുകയും ചെയ്തു.

ഹദ്റത്ത് മൂസാ(അ)യുടെ കാലത്തും ഇങ്ങനെ തന്നെയാണ് സംഭവിച്ചത്. വാഗ്ദാനമനുസരിച്ച് ഇസ്റായേൽ ജനതയെ അവരുടെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിന് മുമ്പ് തന്നെ ഹദ്റത്ത് മൂസാ(അ) ഈജിപ്തിന്റേയും ഫലസ്തീനിന്റേയും മാർഗമധ്യേ മരണപ്പെടുകയുണ്ടായി. അപ്പോൾ ഇസ്റായേല്യരുടെ ഇടയിൽ വലിയ ദുഖം ഉണ്ടായി; അവർ നാല്പതു ദിവസം കണ്ണീരൊഴുക്കി.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: രണ്ടാമത്തെ ദിവ്യശക്തിയെ നിങ്ങൾ കാണേണ്ടത് നിങ്ങൾക്ക് അനിവാര്യമാണ് അതിന്റെ ആഗമനം നിങ്ങൾക്ക് ഉത്തമമാണ്; കാരണം, അത് ശാശ്വതവും അന്ത്യനാൾവരെ അതിന്റെ ശൃംഖല മുറിഞ്ഞുപോകാത്തതുമാണ്. ഞാൻ പോകാത്തിടത്തോളം ആ രണ്ടാം ദിവ്യശക്തി വരുന്നതല്ല. എന്നാൽ ഞാൻ പോയിക്കഴിഞ്ഞാൽ, ബറാഹീനെ അഹ്മദിയ്യയിൽ ദൈവം വാഗ്ദാനം ചെയ്തതുപോലെ എപ്പോഴും നിങ്ങളോടൊപ്പം നിലനിൽക്കുന്ന രണ്ടാം ദിവ്യശക്തിയെ ദൈവം നിങ്ങൾക്കായി അയയ്ക്കുന്നതാണ്.

അങ്ങനെ ഹദ്റത് മസീഹ് മൗഊദ്(അ) വഫാത്തായപ്പോൾ സർവ്വശക്തനായ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് മൗലാനാ നൂറുദ്ദീൻ സാഹിബിന്റെ കരങ്ങളിൽ ജമാഅത്തിനെ ഒരുമിച്ചുകൂട്ടി.

അഞ്ചുമന്റെ കൈകളിൽ വ്യവസ്ഥിതി തുടരണമെന്ന് ചിലർ ആഗ്രഹിച്ചിരുന്നുവെങ്കിലും അദ്ദേഹം തന്റെ ഉരുക്ക് മുഷ്ടികൾ കൊണ്ട് ഈ ഫിത്നക്ക് അറുതി വരുത്തി. തുടർന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അസ്സാനി ഖിലാഫത്ത് അധികാരത്തിൽ വന്നു. ഈ അവസരത്തിലും കപടവിശ്വാസികൾ ജമാഅത്തിനെ ഭിന്നിപ്പിക്കാൻ ശ്രമിച്ചെങ്കിലും അല്ലാഹു വിശ്വാസികളെ ഒരു വശത്ത് ഒരുമിച്ചു കൂട്ടുകയും എതിരാളികളെ പരാജയപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ വിയോഗത്തിനുശേഷം മൂന്നാം ഖിലാഫത്തിന്റെ കാലഘട്ടം ആരംഭിക്കുകയും പിന്നീട് നാലാം ഖിലാഫത്തിന്റെ കാലഘട്ടം ആരംഭിക്കുകയും ചെയ്തു.

പിന്നീട്, ഹുസൂർ അൻവർ വിനയാന്വിതനായി കൊണ്ട് പറഞ്ഞു: അല്ലാഹു എന്നെ ഈ സ്ഥാനത്തേക്ക് നിയോഗിച്ചുകൊണ്ട് ഹദ്റത് മസീഹ് മൗഊദ്[(അ)]നോട് വാഗ്ദാനം ചെയ്തതുപോലെ, ജമാഅത്തിനെ വികസനത്തിന്റെ പാതയിലേക്ക് നയിക്കുകയുണ്ടായി. ശത്രുക്കൾ വിള്ളലുണ്ടാക്കാൻ നിരവധി ശ്രമങ്ങൾ നടത്തി; അഹ്മദികളെ ശഹീദുകളാക്കി; ഭൗതികമായ പ്രലോഭനങ്ങൾ നൽകി. എന്നാൽ അല്ലാഹു തആല ലോകമെമ്പാടുമുള്ള അഹ്മദികളുടെ വിശ്വാസത്തിലും ദൃഢബോധ്യത്തിലും വർധനവ് നൽകിക്കൊണ്ടിരുന്നു.

ഖിലാഫത്തിനോടുള്ള അഹ്മദികളുടെ ബന്ധം അല്ലാഹുവിന് മാത്രമേ സൃഷ്ടിക്കാൻ കഴിയുകയുള്ളൂ. വ്യക്തികൾക്ക് ഖിലാഫത്തിനോടും ഖിലാഫത്തിന് വ്യക്തികളോടും ഉള്ള ഇത്തരത്തിലുള്ള സ്നേഹവും ആത്മാർത്ഥതയും സൃഷ്ടിക്കാൻ ഒരു മനുഷ്യനിലും ശക്തിയില്ല. ഞാൻ പോകുന്ന എല്ലാ രാജ്യങ്ങളിലും ഈ കാഴ്ചകൾ കാണാറുണ്ട്. ഇത് വെറും വാക്കുകളല്ല; ഇന്ന് ക്യാമറ കണ്ണുകൾ അവ പകർത്തിയെടുത്തു സംരക്ഷിക്കുന്നു. എം.ടി.എ. ഈ ദൃശ്യങ്ങൾ കാണിക്കുകയും ചെയ്യുന്നു. എതിരാളികൾ പോലും അവ കാണുകയും അല്ലാഹു തആലയുടെ കർമസാക്ഷ്യം നിങ്ങളുടെ പക്കലുണ്ടെന്ന് പറയാൻ നിർബന്ധിതരാകുകയും ചെയ്യുന്നു. കൂടാതെ (മാസം) എനിക്ക് വരുന്ന ആയിരക്കണക്കിന് കത്തുകൾ ഖിലാഫത്തിനോടുള്ള ആത്മാർത്ഥതയും വിശ്വസ്തതയും പ്രകടിപ്പിക്കുന്നു. അല്ലാഹു എങ്ങനെയാണ് ആളുകളെ ഖിലാഫത്തുമായി ബന്ധിപ്പിക്കുന്നത്, അവരുടെ ഹൃദയങ്ങളിൽ ഖിലാഫത്തിനോടുള്ള സ്നേഹം എങ്ങനെ സൃഷ്ടിക്കുന്നു? ചില കത്തുകളുടെ മാതൃക നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുകയാണ്.

ടാൻസാനിയയിലെ ഒരു മുഅല്ലിം എഴുതുന്നു, ഒരു ദിവസം ഫജ്ർ നമസ്കാരത്തിനുശേഷം, (ഞങ്ങൾ പുറത്തുപോയി ളുഹറിനു മുമ്പ് തിരിച്ചെത്തിയപ്പോൾ) ഒരു സ്ത്രീയെ പള്ളിയുടെ കവാടത്തിൽ കണ്ടു. ഞാൻ ദുആ ചെയ്യിപ്പിക്കാൻ വന്നതാണെന്ന് അവർ പറഞ്ഞു. അഹ്മദികൾ അല്ലാത്തവരുടെ ഇടയിൽ ഊതലും കെട്ടലും പോലുള്ള ആചാരം ഉണ്ട്. (അങ്ങനെ കരുതിയാണ് വന്നത്.) എന്നിരുന്നാലും, ഞങ്ങൾ അവർക്ക് ജമാഅത്തിന്റെ അധ്യാപനത്തെക്കുറിച്ച് ബോധവൽക്കരിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഒരു നീണ്ട താടിക്കാരൻ മതത്തെക്കുറിച്ച് വിശദീകരിക്കുന്ന ഒരു സ്വപ്നം തനിക്ക് ഉണ്ടായിരുന്നുവെന്ന് അവർ പറഞ്ഞപ്പോൾ ജമാഅത്തിനെക്കുറിച്ച് പരിചയപ്പെടുത്തി. ഹദ്റത് മസീഹ് മൗഊദ്[(അ)]ന്റേയും ഖലീഫമാരുടെയും ചിത്രങ്ങൾ കാണിച്ചു. ഹദ്റത് മസീഹ് മൗഊദ്[(അ)]ന്റെ ചിത്രം കണ്ട് അവർ പറഞ്ഞു: ഈ മഹാത്മാവണ് എന്റെ സ്വപ്നത്തിൽ വന്നിരുന്നത്.

ഇന്തോനേഷ്യയിലെ ഒരു പ്രദേശത്ത് താമസിക്കുന്ന അബ്ദുല്ലാഹ് സാഹിബ് ജമാഅത്തുമായി ബന്ധപ്പെട്ടിരുന്നു. നമ്മുടെ മിഷനറിയുമായി അടുപ്പമുള്ളതിനാൽ, എതിരാളികൾ അദ്ദേഹത്തെ കുറ്റപ്പെടുത്തുകയും അവരുടെ പള്ളിയിൽ വരുന്നത് വിലക്കുകയും ചെയ്തു. തന്നെ നശിപ്പിക്കുന്ന ഒരു ചുഴിയിൽ താൻ അകപ്പെട്ടതായി അദ്ദേഹം സ്വപ്നം കണ്ടു. പിന്നീട് മസീഹ് മൗഊദ്[(അ)]ന്റെ ചിത്രം കണ്ട് ഈ മഹാത്മാവാണ് എന്നെ ആ ചുഴിയിൽ നിന്ന് രക്ഷിച്ചത് എന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ മകനും സ്വപ്നം ഉണ്ടായിരുന്നു. പിന്നീട് ഖലീഫ സാലിസിന്റേയും ഖലീഫ റാബിഇന്റെയും എന്റെയും ചിത്രങ്ങൾ കണ്ടിട്ട് ഈ ആളുകളാണ് എന്നെ രക്ഷപ്പെടുത്തിയതെന്ന് പറഞ്ഞു. അബ്ദുല്ലാഹ് സാഹിബ് തന്റെ കുടുംബത്തോട് കൂടി ബൈഅത്ത് ചെയ്തിരുന്നു.

ഹുസൂർ അൻവർ പറഞ്ഞു: അഹ്മദിയാകുന്നതിന് മുമ്പ്, മാലിയിൽ നിന്നുള്ള ഒരു സ്ത്രീ അവരുടെ സ്വപ്നത്തിൽ രണ്ട് ശബ്ദങ്ങൾ കേൾക്കാറുണ്ടായിരുന്നു, ഒന്ന് ഖുർആൻ പാരായണവും മറ്റൊന്ന് അവിടെത്തെ ഒരു അധ്യാപകന്റെ ശബ്ദവും. ജമാഅത്തിന്റെ റേഡിയോയിൽ എന്റെ ഖുത്ബകളും മറ്റു പരിപാടികളും കേട്ടപ്പോൾ, ഞാൻ കേട്ടിരുന്ന ശബ്ദം ഇതു തന്നെയായിരുന്നുവെന്ന് അവർ പറഞ്ഞു. എന്നിട്ട് അവർ ബൈഅത്ത് ചെയ്തു.

കാമറൂണിൽ നിന്നുള്ള ഒരു യുവാവ് പറയുന്നു: കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഒരു സ്വപ്നത്തിൽ രണ്ട് മഹാത്മാക്കളെ കണ്ടു. കുറച്ച് ദിവസങ്ങൾക്ക് ശേഷം, ബസാറിൽ ഒരു യുവാവ് ജമാഅത്തിന്റെ ലഘുലേഖകൾ വിതരണം ചെയ്യുന്നത് ഞാൻ കണ്ടു. ഈ ലഘുലേഖയിൽ അവൻ സ്വപ്നത്തിൽ കണ്ട വാഗ്ദത്ത മസീഹ്(അ)ന്റെ ഒരു ഫോട്ടോ ഉണ്ടായിരുന്നു. ജമാഅത്തുമായി ബന്ധപ്പെട്ടു; സാഹിത്യങ്ങൾ വായിച്ചു. എന്റെ സ്വപ്നത്തിൽ നമസ്കരിപ്പിക്കാൻ എന്നോട് ആവശ്യപ്പെട്ട, നിലവിലെ ഖലീഫയുടെ മറ്റൊരു ചിത്രവും കണ്ടു. അഹ്മദിയ്യത്ത് ഞാൻ സ്വീകരിച്ചതിനുശേഷം, പ്രദേശത്തെ തലവൻ മരിക്കുകയും എന്നെ പ്രദേശത്തിന്റെ തലവനാക്കുകയും ചെയ്തു. ജമാഅത്തിൽ ചേർന്നതുകൊണ്ടാണ് എനിക്ക് ഈ അനുഗ്രഹങ്ങളെല്ലാം ലഭിച്ചതെന്ന് അദ്ദേഹം പറയുന്നു.

ഗിനി ബിസാവു സ്വദേശിയായ ആയിശ മാരിയ സാഹിബയുടെ രണ്ട് ആൺമക്കൾ അഹ്മദിയത്ത് സ്വീകരിച്ചു. അവരുടെ ജ്യേഷ്ഠൻ ജമാഅത്തിന് എതിരാണ്, അവരാണ് അവരുടെ കുടുംബത്തെ നോക്കുന്നത്. അഹ്മദിയത്ത് ഉപേക്ഷിക്കുന്നില്ലെങ്കിൽ എനിക്ക് നിന്നോട് ഒരു ബന്ധവും ഉണ്ടാകുന്നതല്ല എന്ന് മുന്നറിയിപ്പ് നൽകി. അല്ലാഹു മതി, ഞങ്ങൾ അഹ്മദിയത്തിനെ ഉപേക്ഷിക്കില്ല എന്ന് മക്കൾ പറഞ്ഞു. രണ്ടു ദിവസം കഴിഞ്ഞ്, ഒരു സ്വപ്നത്തിൽ, വെള്ളവസ്ത്രം ധരിച്ച ഒരു വെളുത്ത താടിക്കാരൻ അവനെ ആശ്വസിപ്പിച്ചു, വിഷമിക്കേണ്ട, നിങ്ങളുടെ മക്കൾ ഏറ്റവും ഉന്നതിയിലായിരിക്കും. രാവിലെ തന്നെ അവർ മിഷനറിയുടെ അടുത്ത് പോയി എന്റെ ഫോട്ടോ കണ്ട് പറഞ്ഞു: ആ മഹാത്മാവ് ഇതു തന്നെയാണ്. ബൈഅത്ത് ചെയ്തശേഷം വളരെ സജീവമാണ് ആ സ്ത്രീ.

കെനിയയിലെ ക്രിസ്ത്യൻ ഭൂരിപക്ഷ പ്രദേശമാണ് ഭാട്ടി. ഒരു ദിവസം, ജമാഅത്ത് വിരുദ്ധ മനോഭാവമുള്ള മുഹമ്മദ് അബ്ദി എന്ന ഒരാൾ ഞങ്ങളുടെ സെന്ററിൽ നമസ്കരിക്കാൻ വന്നു. ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊടുത്തു. കുറച്ചു നാളുകൾക്കു ശേഷം മുഅല്ലിം സാഹിബിന്റെ വസതിയിൽ വന്നപ്പോൾ എം.ടി.എ.യിൽ എന്റെ ഖുത്ബ നടക്കുകയായിരുന്നു. ഖുത്ബ അവസാനിച്ചശേഷം, ബൈഅത്ത് സ്വീകരിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. കാരണം ചോദിച്ചപ്പോൾ പറഞ്ഞത്, ഇന്നലെ രാത്രി ഞാൻ ഉണർന്ന് മുറ്റത്തേക്ക് പോയപ്പോൾ ആകാശത്ത് ഒരു തിളക്കമുള്ള വസ്തുവിനെ കണ്ടു. അത് എന്നെ ആഴത്തിൽ സ്വാധീനിക്കുകയുണ്ടായി. ഈ ഖുത്ബ കണ്ടപ്പോൾ രാത്രിയിലെ ചിത്രം എന്നിൽ പൂർത്തിയായി. മുഴുവൻ കുടുംബത്തോടൊപ്പം ജമാഅത്തിൽ ചേർന്നു.

സിറാലിയോണിലെ ഇബ്രാഹിം എന്ന് പേരുള്ള ഒരാൾ എം.ടി.എ.യിലെ എന്റെ ഖുത്ബകൾ കേൾക്കാനും പുരോഹിതന്മാരുടെ പഠിപ്പിക്കലുകൾ തെറ്റാണെന്ന് തുറന്ന് പറയാനും തുടങ്ങി. (പറയുന്നു:) അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം തന്റെ ഖുത്ബകളിൽ ഖുർആനും ഹദീസുകളും വിവരിക്കുന്നത് ഞാൻ തന്നെ കേട്ടിട്ടുണ്ട്. അവരുടെ കലിമയും ഒന്നു തന്നെയാണ്, അതിനാൽ അഹ്മദിയ്യാ ജമാഅത്ത് വ്യാജമാകില്ല. അദ്ദേഹം അഹ്മദിയത്ത് സ്വീകരിക്കുകയുണ്ടായി.

കാംഗോകിൻഷാസയിൽ, അഹ്മദ് സാഹിബ് എന്നയാൾ തന്റെ എട്ട് പേരടങ്ങുന്ന കുടുംബത്തോടൊപ്പം ബൈഅത്ത് ചെയ്യുകയും തബ്ലീഗ് ആരംഭിക്കുകയും ചെയ്തു. അതിന്റെ ഫലമായി 62 ആളുകൾ അഹ്മദികളായി. കാലത്തിന്റെ ഖലീഫയും ഖിലാഫത്ത് സമ്പ്രദായവും അദ്ദേഹം ഒരു അഹ്മദിയാകാനുള്ള പ്രധാന കാരണമായി. പിന്നീട്, അവരുടെ തബ്ലീഗിനാൽ ജമാഅത്തിൽ ഗണ്യമായി വർധവ് ഉണ്ടായി.

കാംഗോകൻഷാസായിലെ അമീർ സാഹിബ് എഴുതുന്നു, കാംഗോയിൽ ജമാഅത്തിന്റെ റേഡിയോസ്റ്റേഷന് പുറമെ 23 വ്യത്യസ്ത റേഡിയോസ്റ്റേഷനുകളിൽ ശിക്ഷണ - പ്രചാരണ പരിപാടികളും ഖുത്ബകളും പ്രക്ഷേപണം ചെയ്യുന്നുണ്ട്. ഒരു പ്രാദേശിക ക്രിസ്ത്യൻ ഡോക്ടർ പറഞ്ഞു: ഞാൻ പതിവായി ഖുത്ബ കേൾക്കുന്നുണ്ട്, കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതിന് അത് പ്രാദേശിക ഭാഷയിലേക്ക് വിവർത്തനം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇസ്ലാമിന്റെയും അഹ്മദിയത്തിന്റേയും സന്ദേശം ഈ വിധത്തിൽ എത്തിക്കാനുള്ള ക്രമീകരണങ്ങളാണ് അല്ലാഹു തആല ചെയ്യുന്നത്.

ട്രിനിഡാഡ്, കിർഗിസ്ഥാൻ, പരാഗ്വേ, ബംഗ്ലാദേശ് എന്നിവിടങ്ങളിലെ സംഭവങ്ങൾ ഹുസൂർ അൻവർ വിവരിച്ചുകൊണ്ട് പറഞ്ഞു: ഒരു സമയത്ത് അവരുടെ നെഞ്ച് തുറക്കുന്നതാണ്; അവർ അഹ്മദിയത്തിനെ തിരിച്ചറിയുന്നതുമാണ്. ഖിലാഫത്തിന്റെ അനുഗ്രഹം തുടരുന്നതുമാണ്.

അഹ്മദിയ്യാ ഖിലാഫത്തിന് അല്ലാഹു നൽകുന്ന പിന്തുണയുടെയും റസൂൽ(സ)ന്റെ ദാസത്വത്തിൻ കീഴിൽ വന്നുകൊണ്ട് ഹദ്റത് മസീഹ് മൗഊദ്(അ) ലോകത്തെ ഏകീകൃത സമൂഹമാക്കുന്നതിന്റെ സത്യതക്കുമുള്ള തെളിവാണ് ഈ സംഭവങ്ങൾ.

പ്രതികൂല സാഹചര്യങ്ങൾക്കിടയിലും, അഹ്മദിയ്യാ ഖിലാഫത്ത് മാത്രമാണ് ലോകമെമ്പാടും ഇസ്‌ലാമിനെ വിജയിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നത് എന്നത് അല്ലാഹുവിന്റെ കർമ്മസാക്ഷ്യത്തിനുള്ള തെളിവാണ്.

അല്ലാഹു തആലയുടെ വാഗ്ദാനവും തിരുനബി[സ]യുടെ പ്രവചനവും അനുസരിച്ച്, ഖിലാഫത്ത് അലാ മിൻഹാജുന്നുബുവ്വഃ ഖിയാമത്ത്നാൾ വരെ നിലനിൽക്കുന്നതാണ്. അത് എന്നേക്കും നിലനിൽക്കും, ഒരു ശത്രുവിനും അതിനെ തടയാൻ കഴിയുന്നതല്ല. അതിനാൽ, തങ്ങളുടെ വിശ്വാസത്തെ തിളക്കമാർന്നതാക്കുക. തങ്ങളെ ഖിലാഫത്തോട് ചേർത്തുനിർത്തുക. അതിനായി എന്ത് ത്യാഗവും ചെയ്യാൻ മടിക്കരുത്. അല്ലാഹു അതിന് സൗഭാഗ്യം നൽകുമാറാകട്ടെ. ആമ്മീൻ.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِيَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarak U.K. – on 26.05.2023

Malayalam Translation, Typing & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**